**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 250.

**08.02.2016 ൽ മറുപടി
നൽകേണ്ടിയിരുന്നത്**

## ലാവ് ലിൻ കേസിലെ പ്രതികൾ

**ചോദ്യം**

**ശ്രീ.ബെന്നി ബെഹനാൻ**
**ശ്രീ.സി.പി.മുഹമ്മദ്**
**ശ്രീ.ജോസഫ് വാഴയ്ക്കൻ**
**ശ്രീ.പി.സി.വിഷ്ണുനാഥ്**

**ഉത്തരം**

**ശ്രീ.രമേശ് ചെന്നിത്തല**
**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ലാവ് ലിൻ കേസ് പരിഗണിക്കുന്നത് വേഗത്തിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ-യും ബി-യും) | തിരുവനന്തപുരം സി.ബി.ഐ. കോടതി, ശ്രീ.പിണറായി വിജയൻ ഉൾപ്പെടെ 7 പേരെ ഡിസ്ചാർജ് ചെയ്ത എസ്.എൻ.സി ലാവ് ലിൻ അഴിമതി കേസിലെ 05.11.2013-ലെ വിധിക്കെതിരെ സി.ബി.ഐ-യും രണ്ട് സ്വകാര്യ വ്യക്തികളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിവിഷൻ ഹർജി ബോധിപ്പിച്ചിട്ടുണ്ട്. ക്രൈം വാരിക പത്രാധിപർ ശ്രീ.നന്ദകുമാർ ബോധിപ്പിച്ച Crl.RP 2306/2013-ാം നമ്പർ ഹർജിയിലും, കെ.എം.ഷാജഹാൻ ബോധിപ്പിച്ച Crl.RP 73/2015-ാം നമ്പർ ഹർജിയിലും, സംസ്ഥാന സർക്കാർ കക്ഷിയാണ്. സി.ബി.ഐ ഫയൽ ചെയ്ത Crl.RP 206/2014-ാം നമ്പർ ഹർജിയിൽ സംസ്ഥാന സർക്കാരിനെ കക്ഷി ചേർത്തിരുന്നില്ല.<br><br>പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതി നവീകരണ പ്രവൃത്തികൾ ക്രമം തെറ്റിച്ച് ടെണ്ടർ പോലും വിളിക്കാതെ നിർമ്മാതാക്കൾ പോലുമല്ലാത്ത കാനഡയിലെ ലാവ് ലിൻ കമ്പനിക്ക് നൽകിയതുവഴി സംസ്ഥാന സർക്കാരിന് ചുരുങ്ങിയത് 374 കോടി രൂപയോളം നഷ്ടമുണ്ടായെന്ന് കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പോലും റിപ്പോർട്ട് ചെയ്ത ഒരു വൻ അഴിമതിക്കേസ്സിൽ സംസ്ഥാന സർക്കാരിന് ഭീമമായ തുക നഷ്ടം സംഭവിച്ചതിനാൽ സി.ബി.ഐ ബോധിപ്പിച്ച റിവിഷൻ ഹർജിയിൽ സർക്കാരിന്റെ വാദം കേൾക്കേണ്ടത് ആവശ്യമാണെന്ന സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഉപദേശമനുസരിച്ച് സി.ബി.ഐ ഫയൽ ചെയ്ത Crl.RP 206/2014-ൽ സംസ്ഥാന സർക്കാരിനെ കക്ഷി ചേർക്കാനായി 1 1/2 വർഷം മുമ്പെ ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. പൊതു ഖജനാവിന് വൻ നഷ്ടം സംഭവിച്ച ഈ അഴിമതിക്കേസ്സിൽ, വിചാരണ കൂടാതെ പ്രതികൾ കീഴ്ക്കോടതിയിൽ നിന്ന് 4 പ്രതികൾ ഹർജി ബോധിപ്പിച്ച്, മറ്റ് ഹർജി പോലും നൽകാത്ത മുഴുവൻ പ്രതികളേയും കുറ്റവിമുക്തമാക്കിയ കേസ് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നത് നീതിക്ക് നിരക്കുന്നതല്ലെന്ന കാരണത്താൽ സ്റ്റേറ്റ് പബ്ലിക് |
| (ബി) | ലാവ് ലിൻ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | പ്രോസിക്യൂട്ടർ മേൽ നമ്പർ റിവിഷൻ ഹർജിയുടെ വാദം കാലതാമസം കൂടാതെ കേൾക്കണമെന്ന് അപേക്ഷിച്ച് ഹൈക്കോടതിയിൽ ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരുന്നതും ആയതിൽ സർക്കാരിന്റെ വാദം കഴമ്പുള്ളതാണെന്നും, ഹൈക്കോടതിയുടെ ക്രമമനുസരിച്ച് അഴിമതി കേസുകൾ കഴിയുന്നത്ര വേഗത്തിൽ വാദം കേൾക്കുന്നതോടൊപ്പം പരിഗണന നൽകി ലാവ് ലിൻ കേസിലെ വാദം കേൾക്കാൻ സാധിക്കുമോയെന്ന് ശ്രമിക്കണമെന്നും ആയതിനായി കേസ് ഫെബ്രുവരി അവസാനം പോസ്റ്റ് ചെയ്യാനായി ഇടക്കാല ഉത്തരവുണ്ടായിട്ടുള്ളതുമാണ്. |
| (സി) | ലാവ് ലിൻ കേസിൽ ആരെയൊക്കെയാണ് പ്രതികളായി കണ്ടെത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ലാവ് ലിൻ കേസിൽ തിരുവനന്തപുരം സി.ബി.ഐ കോടതിയിൽ സി.ബി.ഐ ബോധിപ്പിച്ച കുറ്റപത്രമനുസരിച്ച് താഴെ പറയുന്നവർ പ്രതികളാണ്.<br>1)ശ്രീ.കെ.മോഹനചന്ദ്രൻ, മുൻ പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.<br>2)ശ്രീ.കെ.ജി.രാജശേഖരൻ നായർ, റിട്ട.ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ഇ.ബി.<br>3)ശ്രീ.എം.എം.മാത്യു റോയി, റിട്ട.മെമ്പർ(ഇലക്ട്രിക്കൽ), കെ.എസ്.ഇ.ബി.<br>4) ശ്രീ.ആർ.ശിവദാസൻ, മുൻ മെമ്പർ, അക്കൗണ്ട്സ് & ചെയർമാൻ, കെ.എസ്.ഇ.ബി.<br>5) ശ്രീ.കസ്തൂരി രങ്ക അയ്യർ, റിട്ട. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.<br>6) ശ്രീ.ആർ.ഗോപാലകൃഷ്ണൻ, റിട്ട. മെമ്പർ. കെ.എസ്.ഇ.ബി.<br>7) ശ്രീ.പി.എ.സിദ്ധാർത്ഥ് മേനോൻ, റിട്ട. ചെയർമാൻ, കെ.എസ്.ഇ.ബി.<br>8) Klaus ടെണ്ടൽ, വൈസ് ചെയർമാൻ, ലാവ് ലിൻ കമ്പനി.<br>9) ശ്രീ.പിണറായി വിജയൻ, മുൻ വൈദ്യുതി മന്ത്രി.<br>10) ശ്രീ.എ.ഫ്രാൻസിസ്, റിട്ട. ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്. |
| (ഡി) | ലാവ് ലിൻ കേസിൽ ഓരോരുത്തർക്കുമെതിരെ ഏതെല്ലാം വകുപ്പുകളാണ് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ? | (ഡി) | 120B, 409, 420, 465, 468, 471 IPC, 13(1)(c), 2(d) read with 13(2) of Prevention of Corruption Act. |

സെക്ഷൻ ഓഫീസർ